**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2440** **21-01-2021 - ൽ മറുപടിയ്ക്ക്**

**വരവൂർ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ് | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ചേലക്കര നിയോജകമണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്ക് വ്യവസായ സംരംഭകർക്ക് എന്നത്തേയ്ക്ക് തുറന്നുകൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ; | (എ) | വരവൂർ വ്യവസായ പാർക്കിന്റെ പ്രവർത്തികൾ ഭൂരിഭാഗവും പൂർത്തീ കരിച്ചിട്ടുണ്ട്. ടി സ്ഥലത്ത് ജല ദൗർലഭ്യത രൂക്ഷമാണ്. ആയതിനാൽ പാർക്കിനാ വശ്യമായ ജലം കേരള ജല അതോറിറ്റിയുമായി ചേർന്ന് ലഭ്യമാക്കുന്ന തിനുള്ള പദ്ധതി രൂപീകരിച്ചു വരികയാണ്. ജല അതോറിറ്റി ഇതിനുള്ള എസ്റ്റിമേറ്റും സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അധിക പദ്ധതി കൂടി പൂർത്തിയായതിനു ശേഷം പാർക്ക് സംരംഭകർക്ക് തുറന്നുകൊടുക്കാൻ സാധിക്കും. |
| (ബി) | ഇതിനകം എന്തെല്ലാം പ്രവൃത്തികളാണ് അവിടെ പൂർത്തീകരിച്ചിട്ടുള്ളത്; ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | വരുവൂർ വ്യവസായ പാർക്കിന്റെ ഡിമാർക്കേഷൻ, പ്ലോട്ടുകൾ തയ്യാറാക്കു ന്നതിനുള്ള ലെവലിങ്, റോഡ് നിർമ്മാണം, ചുറ്റുമതിൽ, കുഴൽക്കിണറുകൾ കുഴിക്കൽ, എസ്റ്റേറ്റ് ഓഫീസറുടെ കെട്ടിട നിർമ്മാണം, വൈദ്യുതി വിതരണ ശൃംഖലാ സംവിധാനം, ജലസംഭരണി എന്നിവയുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജലലഭ്യതക്കുറവ് പരിഹരിക്കലും, പുറമേ നിന്നുള്ള വൈദ്യുതി ലൈനിന്റെ എക്സ്റ്റൻഷൻ & കമ്മീഷനിങ് എന്നിവയാണ് പൂർത്തീകരിക്കാനുള്ള പ്രവർത്തികൾ. |

സെക്ഷൻ ഓഫീസർ